# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3113** **20.12.2012 - ൽ മറുപടിയ്ക്ക്**

## സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ച വർക്കുകൾ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | ശ്രീ.എ.എം.ആരീഫ് | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ നേരിട്ട് ഏല്പിച്ച വർക്കുകൾ എത്ര കോടി രൂപയുടേതാണ്; വർക്കുകളുടെ പേരും, എസ്റ്റിമേറ്റ് തുകയും പ്രസ്തുത വർക്കുകൾക്ക് ടെണ്ടർ എക്സസ് നല്കിയിട്ടു- ണ്ടെങ്കിൽ അവയും വിശദമാക്കാമോ : | (എ) | 8225.80 ലക്ഷം രൂപ, വർക്കുകളുടെ പേരും, എസ്റ്റിമേറ്റ് തുകയും, ടെണ്ടർ എക്സസും അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വർക്കുകൾ ഓരോന്നും അവാർഡ് ചെയ്തത് ഏതെല്ലാം കോൺട്രാക്ടർ മാർക്കായിരുന്നു; കോൺട്രാക്ടർമാരെ കണ്ടെത്തിയത് ഏത് നടപടി ക്രമങ്ങളിലൂടെ യായിരുന്നു; ഇവയിൽ കോർപ്പറേഷന്റെ സ്ഥിരം കോൺട്രാക്ടർമാർ ആരൊക്കെ യാണെന്ന് അറിയിക്കുമോ ; | (ബി) | വർക്കുകൾ അവാർഡ് ചെയ്ത കോൺട്രാക്ടർമാരുടെ പേരുകൾ അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് 07.09.2007 ലെ സർക്കാർ ഉത്തരവ് നമ്പർ 408/2007/ഫിൻ പ്രകാരം ടെണ്ടർ ക്ഷണിച്ചാണ് വർക്ക് ചെയ്യുന്നത്. കോർപ്പറേഷന് സ്ഥിരം കോൺട്രാക്ടർമാർ ഇല്ല. |
| (സി) | ഇവയിൽ നിശ്ചയിക്കപ്പെട്ട സമയത്തിനകം പൂർത്തിയാക്കപ്പെട്ട വർക്കുകൾ എത്ര; അല്ലാ- ത്തവ എത്ര ; | (സി) | 17 എണ്ണം (പതിനേഴ് എണ്ണം) പൂർത്തിയായി, നിശ്ചയിക്കപ്പെട്ട സമയ ത്തിനകം പൂർത്തിയാകാത്ത വർക്കു- കൾ ഇല്ല. |
| (ഡി) | ലഭിച്ച വർക്കുകളുടെ ഇനത്തിൽ കോർപ്പറേ- ഷന് മാത്രമായി അർഹതപ്പെട്ട തുക എത്ര ശതമാനമെന്നും മൊത്തം തുക എത്രയെന്നു മറിയിക്കുമോ ? | (ഡി) | കോർപ്പറേഷന് മാത്രമായി അർഹത- പ്പെട്ട തുക ശരാശരി 5% ആണ്. മൊത്തം ലഭിക്കേണ്ട തുക 411.25 ലക്ഷമാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ